# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലവിലുള്ള സാംഖ്യ സപ്പോർട്ട് സെൽ പുനർ രൂപീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ എ) വകുപ്പ്**

സ.ഉ (സാധാ) നം. 1646/2016/തസ്വഭവ. തിരുവനന്തപുരം,തീയതി: 11/05/2016

---

പരാമർശം:- 22/08/2014-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 2190/2014/തസ്വഭവ

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും ജില്ലാതല സാംഖ്യ സപ്പോർട്ട് സെല്ലും സംസ്ഥാനതല സാംഖ്യ സപ്പോർട്ട് സെല്ലും രൂപീകരിക്കുകയും അവയുടെ ഘടനയും പ്രവർത്തനരീതിയും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ജില്ലാതല സപ്പോർട്ട് സെല്ലിൽ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്മാരെ മാത്രം ഉൾപ്പെടുത്തുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ഉദ്യോഗക്കയറ്റവും സ്ഥലം മാറ്റവും കാരണം സെല്ലിലെ അംഗങ്ങൾ സ്ഥലം മാറിപ്പോവുകയും സെക്രട്ടറിമാരാകുകയും ചെയ്ത സാഹചര്യത്തിൽ, സപ്പോർട്ട് സെൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സപ്പോർട്ട് സെല്ലിന്റെ ഘടന പുനർനിർണ്ണയിക്കേണ്ടത് ആവശ്യമായി വരികയും താഴെപ്പറയുംവിധം പുനർനിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

### ജില്ലാതല സപ്പോർട്ട്സെൽ

1. എല്ലാ ജില്ലകളിലും സാംഖ്യ ഉപയോഗിച്ചുള്ള അക്കൗണ്ടിംഗ് പ്രവർത്തനങ്ങളിൽ പ്രാവീണ്യവും സ്വയംസന്നദ്ധതയുമുള്ള അക്കൗണ്ടന്റ്മാർ മുതൽ മുകളിലോട്ടുള്ള ജീവനക്കാരെ (10 പേർ) ഉൾപ്പെടുത്തി സെൽ പുനർ രൂപീകരിക്കേണ്ടതാണ്. ജില്ലാതല സപ്പോർട്ട് സെൽ എല്ലാ മാസവും കൂടേണ്ടതും സെല്ലിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റുമാരുടെ യോഗം കൂടേണ്ടതും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ജില്ലാതല സപ്പോർട്ട് സെല്ലിൽ രണ്ട് അക്കൗണ്ടന്റ് കം ഐറ്റി എക്സ്പെർട്ട്മാരും ഇൻഫർമേഷൻ കേരള മിഷൻ ജില്ലാ കോ ഓർഡിനേറ്ററും ജില്ലാ ടെക്നിക്കൽ ആഫീസറും അംഗങ്ങളായിരിക്കും.
2. സെല്ലിന്റെ നേതൃത്വം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്കായിരിക്കും.
3. എല്ലാ ജില്ലകളിലും ഒരു കൺവീനറും ഒരു കോ-കൺവീനറും ഉണ്ടായിരിക്കും.
4. പഞ്ചായത്തുകളിലെ സോഫ്റ്റ് വെയർ പ്രശ്നങ്ങൾ ഒഴികെയുള്ള അക്കൗണ്ടിംഗ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പൂർണ്ണ ചുമതല ജില്ലാതല സപ്പോർട്ട് സെല്ലിനായിരിക്കും. സെല്ലിലെ അംഗങ്ങൾക്ക് പഞ്ചായത്തുകളിൽ പോയി പരിഹരിക്കേണ്ട പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അതിനുള്ള സൗകര്യങ്ങൾ അസിസ്റ്റന്റ് ഡയറക്ടർ ഒരുക്കിക്കൊടുക്കേണ്ടതാണ്.
5. ജില്ലാതല സപ്പോർട്ട്സെൽ മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും കൂടേണ്ടതാണ്.
6. കൺവീനർമാരുടേയും കോ-കൺവീനർമാരുടേയും വിവരങ്ങൾ സംസ്ഥാന സെല്ലിനെ അറിയിക്കേണ്ടതാണ്.

**സംസ്ഥാനതല സപ്പോർട്ട് സെൽ**

1) എല്ലാ ജില്ലകളിൽ നിന്നുമുള്ള കൺവീനർമാരും കോ-കൺവീനർമാരും സംസ്ഥാന സപ്പോർട്ട് സെല്ലിലെ അംഗങ്ങളായിരിക്കും.

2) ജില്ലാ തല സപ്പോർട്ട് സെല്ലിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ സംസ്ഥാനതല സപ്പോർട്ട് സെല്ലിൽ അവതരിപ്പിക്കേണ്ടതാണ്.

3) സംസ്ഥാന തലസപ്പോർട്ട് സെൽ രണ്ട് മാസത്തിലൊരിക്കൽ കൃത്യമായും യോഗം ചേരേണ്ടതാണ്. മിനിറ്റ്സ് തദ്ദേശ സ്വയംഭരണ വകുപ്പിനും പഞ്ചായത്ത് ഡയറക്ടർമാർക്കും നൽകേണ്ടതാണ്.

4) സംസ്ഥാനസെല്ലിന്റെ മിനിറ്റ്സിൽ ഉള്ള തീരുമാനങ്ങൾ പ്രത്യേകിച്ചൊരു ഉത്തരവോ നിർദ്ദേശമോ കൂടാതെ എല്ലാ പഞ്ചായത്തുകൾക്കും നടപ്പിലാക്കാവുന്നതാണ്.

5) സംസ്ഥാന സപ്പോർട്ട് സെല്ലിന്റെ ഘടന താഴെ പറയും പ്രകാരം ആയിരിക്കും.

   i. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ആഫീസർ -- കൺവീനർ
   ii. പഞ്ചായത്ത് ഡയറക്ടർ -- അംഗം
   iii. പ്രോജക്ട് മാനേജർ, സാംഖ്യ ടീം, ഐ.കെ.എം -- അംഗം
   iv. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം -- അംഗം
   v. ശ്രീ. അബ്ദുൾ ബഷീർ, ടീം ലീഡർ, ഐ കെ എം -- അംഗം
   vi. ഡോ. ജെ. ബി. രാജൻ, അസിസ്റ്റന്റ് പ്രൊഫസർ, കില -- അംഗം
   vii. ജില്ലാതല കൺവീനർമാരും കോ-കൺവീനർമാരും -- അംഗങ്ങൾ

സാംഖ്യ സപ്പോർട്ട് സെൽ സംബന്ധിക്കുന്ന പരാമർശ ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സിദ്ധാർത്ഥൻ.എസ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ &ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ( ജി & എസ്.എസ്.എ), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**